# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2137 06.02.2019-ൽ മറുപടിക്ക്**

## ഫോറൻസിക് സർജൻ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. ഉബൈദുള്ള** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഫോറൻസിക് സർജനില്ലാത്തതിനാൽ പോസ്റ്റ്മോർട്ടം ചെയ്യാൻ സാധിക്കാതെ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് റഫർ ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ സങ്കീർണ്ണമായ കേസുകൾ പോസ്റ്റ്മോർട്ടം ചെയ്യാൻ സാധിക്കാതെ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് റഫർ ചെയ്യുന്ന സാഹചര്യം നിലവിലുണ്ട്. |
| (ബി) മോർച്ചറിയും രണ്ട് ഫ്രീസറുകളുമുള്ള ആശുപത്രിയിൽ ഫോറൻസിക് സർജന്റെ തസ്തിക സൃഷ്ടിക്കണമെന്നാ വശ്യപ്പെട്ട് എം.എൽ.എ നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കാമോ; | (ബി) യും (സി) യും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു. എം.എൽ.എ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഉള്ള ഒരു പ്രൊപ്പോസൽ വകുപ്പ് തല ശിപാർശയോടു കൂടി സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (സി) ഇത് സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയച്ചി ട്ടുണ്ടോ; വിശദാംശം നൽകുമോ? | |

**സെക്ഷൻ ഓഫീസർ**